# കേരള സർവകലാശാല

നം.പി.ആർ.165/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാലയ്ക്ക് 7.25 കോടി രൂപയുടെ കേന്ദ്ര ഗ്രാന്റ്

പ്രമോഷൻ ഓഫ് യൂണിവേഴ്സിറ്റി റിസർച്ച് & സയന്റിഫിക് എക്സലൻസ് (പഴ്സ്) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് കേരള സർവകലാശാലയ്ക്ക് 7.25 കോടി രൂപയുടെ ഗ്രാന്റ് അനുവദിച്ചു. ശാസ്ത്ര സാങ്കേതിക ഗവേഷണ രംഗത്തെ മികവിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് ഇത്തവണയും ഗ്രാന്റിനായി സർവകലാശാലയെ തെരഞ്ഞെടുത്തത്. 2011-2015 കാലയളവിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 9 കോടി രൂപ സർവകലാശാലയ്ക്ക് അനുവദിച്ചിരുന്നു. അത്യന്താധുനിക ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിനും മികച്ച ലാബ് സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ആ തുക കൂടുതലും വിനിയോഗിച്ചത്. പഴ്സ് പദ്ധതിയിൽ ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട 30 സർവകലാശാലകളിൽ ഒന്നാണ് കേരള സർവകലാശാല. ശാസ്ത്ര ഗവേഷകർക്ക് ഒരു പുത്തൻ ഉണർവ് നൽകുന്നതാണ് സർവകലാശാലയ്ക്ക് ലഭിച്ച ഈ അംഗീകാരം

## ബി.പി.എ. പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂൺ/ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ (2013 അഡ്മിഷൻ, 2013-ന് മുൻപുള്ള അഡ്മിഷൻ), രണ്ടാം സെമസ്റ്റർ (2013, 2014, 2015 അഡ്മിഷൻ) ബി.പി.എ വോക്കൽ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ അഞ്ചു മുതൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ജൂൺ/ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ (2013 അഡ്മിഷൻ, 2013-ന് മുൻപുള്ള അഡ്മിഷൻ), രണ്ടാം സെമസ്റ്റർ (2013 അഡ്മിഷൻ) ബി.പി.എ മൃദംഗം പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ അഞ്ചു മുതൽ ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

ജൂൺ/ജൂലൈയിൽ നടത്തിയ രണ്ടും, നാലും സെമസ്റ്റർ ബി.പി.എ ഡാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ അഞ്ചു മുതൽ ആറു വരേയും, സെപ്റ്റംബർ 26 മുതൽ 29 വരേയും ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം - പുതുക്കിയ പരീക്ഷ തീയതി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി & ഇൻഫർമേഷൻ സയൻസ് (പഴയ സ്കീം മേഴ്സി ചാൻസ്), സർട്ടിഫിക്കറ്റ് ഇൻ ആയുർവേദ മാസ്സിയർ & പഞ്ചകർമ്മ അസിസ്റ്റന്റ് കോഴ്സിന്റെ സെപ്റ്റംബർ രണ്ടിന് നടത്താനിരുന്ന പരീക്ഷകൾ സെപ്തംബർ ഒൻപതിന് നടത്തും. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സ് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ആറ്റിങ്ങൽ ഗവ: കോളേജിൽ ശനി, ഞായർ ദിവസങ്ങളിലായി നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ

ലൈബ്രറി & ഇൻഫർമേഷൻ സയൻസ് കോഴ്സിന് (6 മാസം) അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു. അപേക്ഷാഫാറം കോളേജിൽ നിന്നും ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. അവസാന തീയതി സെപ്തംബർ ഒൻപത്. താൽപ്പര്യമുള്ളവർ ആറ്റിങ്ങൽ ഗവ: കോളേജിലെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 8129418236, 9495476495.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് ഓഫീസർ

03.09.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**